# ST.MARY'S HIGH SCHOOL KODIKULAM




# ACADEMIC MASTER PLAN 2025-2026

## OUR VISION

SMHS KODIKULAM aims to be an institution of excellence where sound ethical values, character, wisdom, leadership, service and academic achievement are encouraged in a safe and nurturing environment.

## OUR MISSION

To provide a safe, caring and serene atmasphere where students get opportunities to reach their educational and personal potentials.

## OUR MOTTO

Lighted for Life

## ഉള്ളടക്കം


- ചരിത്രം
- ആമുഖം
- അവസ്ഥാവിശകലനം
- അക്കാഡമിക് പ്രവർത്തനങ്ങൾ
- അധ്യാപക അനധ്യാപക തസ്തികകൾ
- ഭൗതികസൗകര്യങ്ങൾ
- പദ്ധതി രൂപരേഖ
- ജൈവവൈവിധ്യ പാർക്ക്, ശലഭോദ്യാനം
- ടാലന്റ് ലാബ്
- ക്ലാസ് ലൈബ്രറി
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- ക്ലാസ്സ് റൂമുകൾ ഹൈ - ടെക് ആക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- Enhancement of English Learning
- ഐടി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
- മാലിന്യസംസ്കരണം
- ജനാധിപത്യ പൊതു പ്രകടന വേദികൾ
- അധ്യാപക രക്ഷാകർതൃ സമൂഹവേദികൾ - വിലയിരുത്തൽ - നിരന്തര മൂല്യ നിർണ്ണയം
- വിദ്യാലയപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ടിയുള്ള അനുബന്ധ സംവിധാനങ്ങൾ
- കലാകായിക വിദ്യാഭ്യാസം
- ഹരിതവിദ്യാലയം
- പോഷകാഹാര വിതരണ പരിപാടി
- ഉപസംഹാരം

# ചരിത്രം

1എ : ആമുഖം

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ കോടിക്കുളം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സെന്റ്. മേരീസ് സ്കൂൾ 1957 ൽ സ്ഥാപിതമായി ഈ ജില്ലയിലെ ഏറ്റവും പഴക്കം ചെന്ന സ്കൂളുകളിൽ ഒന്നാണ് ഇത് കോതമംഗലം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം തൊടുപുഴ വിദ്യാഭ്യാസ ജില്ലയിലെ കരിമണ്ണൂർ ബി.ആർ.സി.യുടെ പരിധിയിൽപ്പെടുന്നു.

1ബി : ആദ്യകാലങ്ങളിൽ കോടിക്കുളം, വണ്ടമറ്റം, പാറപ്പുഴ, തെന്നത്തൂർ, കാളിയാർ, കൊടുവേലി, തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഈ സ്കൂളുകളിൽ പടിച്ചിരുന്നു. എന്നാൽ പിന്നീട് സമീപപ്രദേശങ്ങളിൽ അനേകം എയ്ഡഡും, അൺ എയ്ഡഡും ആയിട്ടുള്ള സ്കൂളുകൾ വന്നതുകൊണ്ട് ഈ സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായി. ഇപ്പോൾ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ ഓരോ ഡിവിഷൻ വീതം പ്രവർത്തിക്കുന്നു.

1സി: അധ്യാപകരുടെ എണ്ണം :- ശാന്തസുന്ദരമായ അന്തരീക്ഷത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. നിലവിൽ ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 10 അധ്യാപകരും 4 അനധ്യാപകരും സ്കൂളിൽ ജോലി ചെയ്തു വരുന്നു.

2: അവസ്ഥ വിശകലനം

സ്കൂളിൽ ആവശ്യത്തിന് ക്ലാസ്സ് മുറികളും ലൈബ്രറിയും കമ്പ്യൂട്ടർ ലാബും സയൻസ് ലാബും റീഡിംഗ് റൂമും ഉണ്ട്. കൂടാതെ ഒരു ഓപ്പൺ സ്റ്റേജുണ്ട്. ആൺ കുട്ടികൾക്കും, പെൺകുട്ടികൾക്കും ആവശ്യത്തിന് യൂറിനുകൾ ഒരുക്കിയിട്ടുണ്ട്. പഴക്കം ചെന്ന് ഫർണിച്ചറുകൾ മാറി പുതിയത് വാങ്ങിക്കുക എന്ന ഒരു ആവശ്യം നിലനിൽക്കുന്നു. സ്കൂളിന് സ്വന്തമായി കിണറും കുടിവെള്ള സൗകര്യവുമുണ്ട്. നല്ലരീതിയിലുള്ള ചുറ്റുമതിൽ ഇല്ല എന്നത് ഒരു പോരായ്കയാണ് സ്കൂളിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിൽ നാട്ടുകാരുടേയും രക്ഷകർത്താക്കളുടേയും സഹകരണം ലഭിക്കുന്നുണ്ട്.

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എസ്.എം.എച്ച്.എസ്. കോടിക്കുളം |
| ഫോൺ നം | : | 04862 264722 |
| ജില്ല | : | ഇടുക്കി |
| ഉപജില്ല | : | തൊടുപുഴ |
| ബി.ആർ.സി. | : | കരിമണ്ണൂർ |
| സി.ആർ.സി. | : | നെടുമറ്റം ഗവ.യു.പി.സ്കൂൾ |
| പഞ്ചായത്ത് | : | കോടിക്കുളം |
| വാർഡ് | : | അഞ്ച് |
| ഹെഡ്മിസ്ട്രസ് | : | ടെസി തോമസ് |
| | | 9446805386 |

| Years | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|
| 2010-11 | 30 | 28 | 30 | 53 | 53 | 55 | 249 |
| 2011-12 | 18 | 29 | 26 | 31 | 55 | 53 | 212 |
| 2012-13 | 11 | 18 | 27 | 29 | 30 | 52 | 167 |
| 2013-14 | 15 | 11 | 17 | 29 | 29 | 33 | 134 |
| 2014-15 | 10 | 14 | 11 | 18 | 29 | 33 | 115 |
| 2015-16 | 10 | 9 | 15 | 16 | 20 | 29 | 99 |
| 2016-17 | 8 | 11 | 10 | 22 | 19 | 21 | 91 |
| 2017-18 | 14 | 9 | 12 | 12 | 25 | 21 | 93 |
| 2018-19 | 16 | 18 | 11 | 20 | 12 | 24 | 101 |
| 2019-20 | 12 | 13 | 19 | 17 | 18 | 14 | 93 |
| 2020-21 | 10 | 14 | 14 | 24 | 19 | 16 | 97 |
| 2021-22 | 12 | 11 | 15 | 18 | 28 | 18 | 102 |
| 2022-23 | 8 | 16 | 11 | 26 | 18 | 28 | 107 |
| 2023-24 | 7 | 9 | 14 | 16 | 31 | 18 | 95 |
| 2024-25 | 17 | 9 | 11 | 27 | 17 | 29 | 111 |

# അക്കാഡമിക് പ്രവർത്തനങ്ങൾ

* സബ്ജക്ട് കൗൺസിൽ
* എസ്.ആർ.ജി
* ക്ലബ്ബ് പ്രവർത്തനങ്ങൾ - ചുമതല വിഭജനം
* ലൈബ്രറി പ്രവർത്തനങ്ങൾ - ക്ലാസ്സ് റൂം ലൈബ്രറി
* ദിനാചരണങ്ങൾ
* നിരന്തരവിലയിരുത്തൽ
* കലാകായികപ്രവർത്തി പരിചയം
* പഠനപോഷണപരിപാടി
* സ്കോളർഷിപ്പ് പരീക്ഷകൾ
* ഐ.റ്റി.അധിഷ്ഠിത പഠനം
* അസംബ്ലി
* പഠനയാത്ര, ഫീൽഡ്ട്രിപ്പ്
* കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്
* സെമിനാർ ശില്പശാല
* ക്വിസ് പ്രോഗ്രാം
* ബോധവത്കരണ ക്ലാസ്സുകൾ
* ജെ.ആർ.സി. ഗൈഡിംഗ് യൂണിറ്റ്
* ശ്രദ്ധ പദ്ധതി, Non Dt. പദ്ധതി

## അധ്യാപക അനധ്യാപക തസ്തികകൾ

| | |
|---|---|
| ഹെഡ്മാസ്റ്റർ | 1 |
| എച്ച്.എസ്. റ്റി | 5 |
| യു.പി.എസ്.റ്റി. | 3 |
| സംസ്കൃതം | 1 |
| സ്പെഷ്യൽ ടീച്ചർ | 1 |
| ക്ലർക്ക് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| മീനിയൽ | 1 |

## ഭൗതിക സൗകര്യങ്ങൾ

### ഭൗതിക സാഹചര്യങ്ങൾ

| | |
|---|---|
| ഓഫീസ് റൂം | 1 |
| സ്റ്റാഫ് റൂം | 1 |
| ക്ലാസ്സ് റൂം | 6 |
| കമ്പ്യൂട്ടർ ലാബ് | 1 |
| എൽ.സി.ഡി. പ്രോജക്ടർ | 1 |
| ലൈബ്രറി | 1 |
| ലാബ് | 1 |
| ലൈബ്രറി ബുക്സ് | 1430 |
| ടി.വി. | 1 |
| നെറ്റ് കണക്ഷൻ | 1 |
| കേബിൾ | ഇല്ല |
| ടോയ്ലറ്റ് ബോയ്സ് | 2 |
| ടോയ്ലറ്റ് ഗേൾസ് | 3 |
| യൂറിനൽസ് ബോയ്സ് | 9 |
| യൂറിനൽസ് ഗേൾസ് | 3 |
| ഓപ്പൺസ്റ്റേജ് | 1 |
| റീഡിംഗ് റൂം | 1 |
| കിച്ചൺ | 1 |
| വാട്ടർ ടാങ്ക് | 4 |
| വേസ്റ്റ് കുഴി | 2 |
| സ്റ്റോർ റൂം | 2 |
| ഡൈനിംഗ് റൂം | 1 |
| സ്കാനർ | 1 |
| പ്രിന്റർ | 2 |

## മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| സ്കൂൾ അസംബ്ലി | കളിസ്ഥലം | പി.ടി.എ. ശക്തിപ്പെ- |
| ദിനാചരണങ്ങൾ | ലൈബ്രറി | ടുത്തൽ |
| കയ്യെഴുത്തുമാസിക | അടുക്കള | എസ്.എം.സി. |
| അക്ഷരങ്ങളറിയുക | ഡൈനിംഗ് ഹാൾ | എസ്.എം.ഡി.സി. |
| ക്ലാസ്സ് ലൈബ്രറി | മാലിന്യ സംസ്കരണം | പൂർവ്വ വിദ്യാർത്ഥി |
| പൊതുവിജ്ഞാന | ടോയിലറ്റ് | സംഘടന |
| വികാസം | ലാബോറട്ടറി | എസ്.എസ്.ജി. ബന്ധം |
| സയൻസ് പ്രോജക്ട് | സ്കൂളിൽ | ഗ്രന്ഥശാലകൾ, |
| നാടൻ കളികൾ | പച്ചക്കറിത്തോട്ടം | ക്ലബ്ബുകൾ, |
| പഠനയാത്ര | | സന്നദ്ധസംഘടനകൾ, |
| ജീവിതനൈപുണി | | സഹകരണ |
| സെമിനാറുകൾ | | സ്ഥാപനങ്ങൾ എന്നിവ |
| പത്രവായന | | യുടെ സേവനം |
| ഉച്ചഭക്ഷണം | | പ്രയോജനപ്പെടുത്തുക |
| ജനാധിപത്യവേദി | | ക്ലാസ് പി.ടി.എ., |
| ഗണിതലാബ് | | മാതൃകാപരമാക്കുന്നതിനുള്ള |
| സജ്ജീകരണം | | നടപടികൾ |
| ശാസ്ത്രലാബ് | | പഠനക്കൂട്ടം |
| നവീകരിക്കൽ | | വിദ്യാലയ മികവുകൾ |
| മേളകൾ | | പൊതു സമൂഹവുമായി |
| കലാ-കായിക | | പങ്കിടൽ |
| പ്രവർത്തി പരിചയം | | പ്രാദേശിക പി.ടി.എ. |
| ഭാഷോത്സവം | | ഭവന സന്ദർശനം |
| ഗണിതോത്സവം | | |

# പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം - I

പ്രവർത്തനത്തിന്റെ പേര്: സ്കൂൾ അസംബ്ലി

മേഖല: അക്കാദമികം/സമഗ്രവികസനം/ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • അവതരണമികവ്<br>• സർഗാത്മക രചനകളുടെ പരിപോഷണം | • പ്രധാന വാർത്തകൾ<br>• ദിനാചരണ പ്രസംഗം<br>• കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ<br>വ്യായാമ പരിശീലനം | ദിവസേന | SRG<br>ക്ലാസ് ലീഡർ |

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര്: ദിനാചരണങ്ങൾ

മേഖല: അക്കാദമികം/സമഗ്രവികസനം/ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ 5 ലെ പരിസ്ഥിതി ദിനത്തിൽ തുടങ്ങി മാർച്ച് വരെയുള്ള ദിനാചരണങ്ങൾ SRG യിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങൾ അന്നത്തെ ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | വർഷത്തിന്റെ അതാത് ദിനങ്ങളിൽ | SRG |

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര്: കളിക്കാം പഠിക്കാം

മേഖല: അക്കാദമികം/സമഗ്രവികസനം/ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കായികശേഷികളുടെ വികാസം | ദിവസവും അരമണിക്കൂർ ഷട്ടിൽ, കാരംസ്, ചെസ്സ്, ഫുട്ബോൾ എന്നിവയുടെ പരിശീലനവും കളികളും | എല്ലാ ദിവസവും വൈകിട്ട് 3.30 മുതൽ 4: വരെ | SRG |

പ്രവർത്തനം - 4

അക്കാദമിക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകൾ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി ഉണ്ടാക്കിയെടുക്കൽ. | 1. പഠനനിലകണ്ടെത്തൽ. ടെസ്റ്റുകൾ നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തൽ. | ജൂൺ ആദ്യവാരം | SRG |
| | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ജൂലൈ ആദ്യവാരം. | പ്രധാനാധ്യാപകൻ, ഭാഷാധ്യാപകർ |
| സംസ്കൃത ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി വികസിപ്പിക്കൽ. | 3. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലുള്ള അസംബ്ലി | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ ഭാഷാധ്യാപകർ. |
| | 4. ഡയറിക്കുറിപ്പുകൾ | | |
| | 5 അസംബ്ലിയിൽ പത്രവാർത്ത തയ്യാറാക്കി അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ |
| | 6. പതിപ്പുകൾ, മാഗസിനുകൾ | | |
| | 7 ലൈബ്രറി | | |
| | 8. അക്ഷരക്കളരി | | അധ്യാപകർ |
| | 9 സംസ്കൃതക്കളരി | ,, | |
| | 10. വായനക്കുറിപ്പ് | | |

## പ്രവർത്തനം - 5



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രവർത്തനം 5<br>ഗണിതശാസ്ത്രം സാമൂഹ്യശാസ്ത്രം ലാബ് ക്രമീകരിക്കൽ വർക്കിംഗ് മോഡലു കളുടെ നിർമ്മാണം ഐ.സി.ടി യുടെ ഉപയോഗം | ഗണിതം, ശാസ്ത്രം സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളുടെ ലാബ് ക്രമീകരിക്കുന്ന തിലേക്ക് ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | ഗണിതാധ്യാപിക ശാസ്ത്ര അധ്യാ- പിക, സാമൂഹ്യ ശാസ്ത്ര അധ്യാ പിക |
| | സാമഗ്രികൾ ശേഖരിച്ച് മോഡലുകൾ നിർമ്മി ച്ചെടുക്കൽ | ജൂൺ മുതൽ | ഓരോ വിഷയ ത്തിന്റെയും, അധ്യാപകർ, തെരഞ്ഞെടു ക്കപ്പെട്ട കുട്ടികൾ അധ്യാപകർ |
| | ഐ.സി.ടി യുടെ സഹായ ത്തോടെ കുട്ടികളിൽ വിഷയാധിഷ്ഠിത പഠനം സമഗ്ര വെബ്സൈറ്റിന്റെ സഹായത്തോടെ ഗണിതം എളുപ്പമാക്കൽ | ജൂൺ മുതൽ | ഗണിതാധ്യാപിക |
| | ശാസ്ത്ര പരീക്ഷണങ്ങളി പരീക്ഷണങ്ങൾ കണ്ടെ ത്തൽ ദിനാചരണങ്ങൾ ടൊപ്പം നാട്ടറിവും കാർഷിക മേഖലയുമായി പരിചയ പ്പെടൽ | ജൂൺ മുതൽ ഡിസംബർ വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപിക |

## പ്രവർത്തനം 6

### മേഖല - ഭൗതിക സൗകര്യം

1. ഭൗതികാന്തരീക്ഷം സുരക്ഷിതവും മനോഹരവും

- എല്ലാ ക്ലാസ്റൂമുകളും ഓഫീസ് റൂമും ടൈലിടുക
- പഠനസാമഗ്രികൾ, നവീകരിക്കുക
- എല്ലാ ക്ലാസ്മുറികളും സ്മാർട്ട് ക്ലാസ്സ് റൂമുകളാക്കുക

### ഉപമേഖലകൾ

1. ഹരിതപരിസരം

- ഔഷധോദ്യാനം
- ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഓരോ സസ്യം വീടുകളിൽ
- വിഷരഹിത പച്ചക്കറി കൃഷി വീട്ടിലും വിദ്യാലയത്തിലും
- പൂന്തോട്ടം
- വാഴകൃഷി
- കൂവ, പച്ചക്കറി
- ഫലവൃക്ഷങ്ങളുടെ പ്രോജക്ട് (ബയോ ഡൈവേഴ്സിറ്റി ക്ലബിന്റെ സഹായത്തോടെ) കിണറിനു ചുറ്റും മഴക്കുഴികൾ നിർമ്മിക്കുക
- പാചകപ്പുര - പരിശീലനം സിദ്ധിച്ച പാചകത്തൊഴിലാളി. വെള്ളക്കുപ്പായവും, തൊപ്പിയും
- ഗ്ലാസ്സുകളും പ്ലേറ്റുകളും വൃത്തിയാക്കാനുള്ള സൗകര്യം
- ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതവും വിദ്യാർത്ഥി സൗഹൃദവുമായ ക്ലാസ്മുറികൾ
- കമ്പ്യൂട്ടർ ലാബ് നവീകരണം
- അക്കാദമിക നിലവാരം പ്രതിഫലിപ്പിക്കുന്ന ഓഫീസ്, പ്രധാനാധ്യാപക റൂം
- വിശാലമായ സ്കൂൾ മൈതാനം

## പ്രവർത്തനം 7



പ്രതീക്ഷിത നേട്ടങ്ങൾ - കുട്ടികളുടെ അക്കാദമിക മികവിൽ ഉന്നൽ നൽകൽ.

- 100% വിജയലക്ഷ്യം
- Non D+
- Full A+
- എല്ലാ ആഴ്ച്ചയിലും ടെസ്റ്റ് പേപ്പർ
- എല്ലാ കുട്ടികളും എല്ലാ വിഷയത്തിന്റെയും അടിസ്ഥാന ജ്ഞാനം നേടുക, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ മികവുണ്ടാക്കുക
- കലാമത്സരങ്ങളിൽ മികവ്
- സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം
- വിവിധ സ്കോളർഷിപ്പുകൾക്ക് അർഹത നേടൽ

## പ്രവർത്തനം 8

പ്രവർത്തനത്തിന്റെ പേര്: ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| • കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തിയെടുക്കുക. | . ചിത്രരചനാ ക്ലാസ്സ്<br>. സംഗീത കളരി<br>. പ്രസംഗപരിശീലനം | |
| പ്രവർത്തനം 9 - ക്ലാസ് ലൈബ്രറി. | | |
| • കുട്ടികളുടെ വായനാശീലം, ഭാഷാ വികസനം പരിപോഷിപ്പിക്കുക. | വായനക്കുറിപ്പ് തയ്യാറാക്കൽ | |

## ക്ലബ് പ്രവർത്തനങ്ങൾ

ഗണിതക്ലബ് - കൺവീനറും ക്ലബംഗങ്ങളും കൂടി യോഗം ചേർന്ന് വിവിധ ഗണിത മോഡലുകൾ തയ്യാറാക്കുന്നു. ക്വിസ് പ്രോഗ്രാമുകൾ നടത്തുന്നു. വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

സാമൂഹ്യശാസ്ത്രക്ലബ് - ദിനാചരണങ്ങൾ നടത്തി ക്ലബ്തല പ്രവർത്തനങ്ങൾ നടത്തി മത്സരങ്ങളിൽ പങ്കെടുക്കുന്നു.

കംപ്യൂട്ടർ ലാബ് - കുട്ടികളെ ലാബിൽ കൊണ്ടുവരികയും ഓരോ കുട്ടിക്കും വ്യക്തിഗതമായും ഗ്രൂപ്പുകളിലും കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു.

ലൈബ്രറി - ലൈബ്രറി കുട്ടികൾക്കായി വ്യാഴാഴ്ച ദിവസം തുറന്ന് പ്രവർത്തിക്കുന്നു.

ശാസ്ത്രലാബ് - കുട്ടികളെ ലാബിൽ പ്രവേശിപ്പിച്ച് പരീക്ഷണങ്ങൾ ഗ്രൂപ്പായും വ്യക്തിഗതമായും നടത്തുവാൻ അവസരം നൽകുന്നു

ഗണിതലാബ് - സോളിഡ്സ് നിർമ്മാണം, ട്രൈനോമിയൽ, പൈതഗോറസ് സിദ്ധാന്ത രൂപീകരണം എന്നിവ പഠിപ്പിക്കുമ്പോൾ ലാബിൽ കൊണ്ടു വരികയും പഠനം എളുപ്പമാക്കുകയും ചെയ്യും.

## Enhancement of English Learning

| Activities | Name of Activity | period of time | Responsibility | Monitoring | objectives | Finance |
|---|---|---|---|---|---|---|
| Enhancement of English learning | English assembly communicative English classes taken by outsides English literacy activities CD for spoken english | 2016-17 | SRG Class Teacher | H.M | To learn English language and its usage | PTA |

## ഐ.ടി. സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

| പ്രവർത്തനം | വിശദാംശങ്ങൾ | നേട്ടങ്ങൾ | സാമ്പത്തികം |
|---|---|---|---|
| ഐ.ടി. സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ് മുറികൾ | • റൂം ഫർണിഷിംഗ്<br>• ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കൽ<br>• ഓരോ വിഷയങ്ങളും ഐ.ടി. അധിഷ്ഠിത പഠനം നടത്തും.<br>• ഐ.ടി. മേളകൾക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു. | എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പഠനം സാധ്യമാകുന്നു. വിഷയാധിഷ്ഠിത പഠനത്തിൽ ഐ.ടി. സാധ്യതകൾ ഉൾപ്പെടുത്തുന്നതിലൂടെ പഠന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കുന്നു | പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ |

## മാലിന്യ സംസ്കരണം

| പ്രവർത്തനം | വിശദാംശങ്ങൾ | നേട്ടങ്ങൾ | സാമ്പത്തികം |
|---|---|---|---|
| മാലിന്യ സംസ്കരണ സംവിധാനം | സ്കൂളിലെ ജൈവാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിന് കുഴി നിർമ്മിച്ചിരിക്കുന്നു. | സ്കൂളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നു. കൃഷിക്കാവശ്യമായ ജൈവവളം ലഭിക്കുന്നു. | |

# ജനാധിപത്യ പൊതുപ്രകടന വേദികൾ

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതലകൾ | മോണിറ്ററിംഗ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| ജനാധിപത്യ പൊതുപ്രകടന വേദികൾ | 1. സ്കൂളിൽ വിവിധ ക്ലബുകൾ രൂപീകരിച്ചു. കൺവീനറായി അധ്യാപകരെ തെരഞ്ഞെടുത്തു | എച്ച്.എം എസ്.ആർ.ജി | ജൂൺവരെ മാസം തോറും | എച്ച്.എം | 1. കുട്ടികൾക്ക് നേതൃത്വവാസന ഉണ്ടാകുന്നു. |
| ക്ലബ് രൂപീകരണം | 2. എല്ലാ കുട്ടികളും ഏതെങ്കിലും ക്ലബിലെങ്കിലും അംഗത്വം | ക്ലബിന്റെ ചുമതല വഹിക്കുന്ന അധ്യാപകർ | ഒക്ടോബർ അദ്ധ്യയന ആരംഭത്തിൽ | | 2. ആത്മവിശ്വാസം വർദ്ധിക്കുന്നു. ചുമതലകൾ ഏറ്റെടുക്കാൻ പ്രാപ്തരാകുന്നു |
| സ്കൂൾ അസംബ്ലി | 3. ക്ലബ്ബ് പരിപാടികൾ സംഘടിപ്പിക്കാൻ റിപ്പോർട്ട് തയ്യാറാക്കൽ | | | | 3. വ്യക്തിത്വ വികാസം |
| ദിനാചരണം സ്കൂൾ പാർലമെന്റ് ഇലക്ഷൻ | 4. സ്കൂൾതല ഗണിതശാസ്ത്ര പ്രവർത്തി പരിചയ മേളകൾ സംഘടിപ്പിക്കാൻ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ | | | | 4. പാഠ്യേതര വിഷയങ്ങളിലുള്ള അറിവ് വർദ്ധിക്കുന്നു<br>5. കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കാൻ അവസരം ലഭിക്കുന്നു. |
| എല്ലാ കുട്ടികളും പങ്കാളിത്തമുള്ള സ്കൂൾ അസംബ്ലി | 5. ദിനാചരണങ്ങളുടെ കലണ്ടർ തയ്യാറാക്കൽ ചുമതല നൽകൽ<br>6. കുട്ടികളുടെ നേതൃത്വത്തിൽ സ്കൂൾ അസംബ്ലി നടത്തുന്നു. | | | | 6. കലാഭിരുചി വർദ്ധിക്കുന്നു. |

# അധ്യാപക രക്ഷാകർതൃ സമൂഹവേദികൾ



| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതലകൾ | മോണിട്ടറിംഗ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| | പഠനോപകരണങ്ങൾ, സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു<br>ഡിസേബിൾഡ് ഡേയ്ക്ക് ചിത്രരചനാ മത്സരങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു<br>CWSN കുട്ടികളെ ഉൾക്കൊള്ളിച്ചു അസംബ്ലി നടത്തി | | | | |

# അധ്യാപക രക്ഷാകർതൃ സമൂഹവേദികൾ

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതലക്കാർ | മോണിറ്ററിംഗ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| അക്കാദമിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | ക്ലാസ്സ് ടെസ്റ്റ് എല്ലാ ആഴ്ചകളിലും ടേം മൂല്യനിർണ്ണയ എന്നിവ കൃത്യമായി വിശകലനം ചെയ്യുന്നു | | അധ്യാപകർ | | പഠന പുരോഗതി വിലയിരുത്തലിന് സഹായിക്കുന്നു |
| CWSN കുട്ടികളുടെ പാഠ്യേതര പാഠ്യ പ്രവർത്തന ശേഷികൾ ഉറപ്പ് വരുത്തൽ | പരിഹാര ബോധനം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി പഠന പ്രവർത്തനങ്ങൾ നൽകുന്നു ക്വിസ്സ് പോസ്റ്റർ നോട്ടീസ് സെമിനാർ എന്നിവ കുട്ടികൾക്ക് കൂടുതൽ പഠനശേഷി ഉറപ്പ് വരുത്തുന്നു<br>യഥവിവരണം തയ്യാറാക്കുന്നു. സ്ക്രീനിംഗ് ടെസ്റ്റ് നടത്തി കണ്ടെത്തിയ കുട്ടികളെ മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നു. | വർഷം മുഴുവൻ | CWSN ചുമതലക്കാരും അധ്യാപകർ. | | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പ്രവർത്തനങ്ങൾ അനായാസം നടത്താൻ സാധിക്കുന്നു.<br>CWSN കുട്ടികളുടെ പഠനശേഷി ഉറപ്പുവരുത്തുന്നു. |

# അധ്യാപക രക്ഷാകർതൃ സമൂഹവേദികൾ



| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതലകൾ | മോണിറ്ററിംഗ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| പി.ടി.എ | രക്ഷിതാക്കൾ ഏകദിന പരിശീലനം | ജൂൺ മാർച്ച് | എച്ച്.എം അധ്യാപകർ | എച്ച്.എം | കുട്ടികളുടെ അടിസ്ഥാന ശേഷി വികസനത്തിൽ രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കാൻ സാധിക്കുന്നു. |
| രക്ഷാകർതൃ ബോധവൽക്കരണം | ഓരോ ടേമിലും മൂല്യനിർണ്ണയ നിലവാരം ബോധ്യപ്പെടൽ<br>സ്കൂൾ വികസനത്തിന് വിവിധ ഏജൻസികളിൽ നിന്നും ഫണ്ട് സ്വരൂപിക്കൽ<br>വികസനപ്രവർത്തനങ്ങളിൽ പങ്കാളിയാക്കൽ<br>ബോധവൽക്കരണ ക്ലാസുകൾ<br>മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് | | | | സ്കൂൾ വികസനത്തിൽ രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കാൻ സാധിക്കുന്നു.<br>കുട്ടികളുടെ ആരോഗ്യ ശുചിത്വം പഠന സാഹചര്യങ്ങൾ |

# വിലയിരുത്തൽ - നിരന്തര മൂല്യനിർണ്ണയം

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതലക്കാർ | മോണിട്ടറിംഗ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| വിലയിരുത്തൽ പ്രീടെസ്റ്റ് വിശകലനം പ്രവർത്തന ആസൂത്രണം | എഴുത്തിലൂടെയും വായനയിലൂടെയും ഓരോ വിഷയത്തിന്റെയും പഠന നിലവാരം | | | ക്ലാസ് ടീച്ചർ | കുട്ടികളുടെ എല്ലാ വിഷയങ്ങളിലുമുള്ള പഠനത്തിലെ പോരായ്മകൾ കണ്ടെത്താൻ സാധിക്കുന്നു. |
| | തുടർ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. ടീച്ചിംഗ് മാന്വൽ പ്രവർത്തിപ്പിച്ച് ഭിന്ന രീതിയിൽ തയ്യാറാക്കൽ പ്രതികരണങ്ങോട് എസ്.ആർ.ജി യിൽ ചർച്ച ചെയ്ത് ഭിന്നതല പ്രവർത്തനങ്ങൾ തയ്യാറാക്കൽ വർക്കിംഗ് ഷീറ്റ് / വായനാസാമഗ്രികൾ എന്നിവ തയ്യാറാക്കൽ | | | | ഓരോ കുട്ടിയിലും വിവിധ വിഷയങ്ങളിൽ ലക്ഷ്യമിട്ടിരിക്കുന്ന പ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കുന്നുണ്ടോ എന്ന് അറിയാൻ കഴിയുന്നു. |

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വേണ്ടിയുള്ള അനുബന്ധ സംവിധാനങ്ങൾ

## വിഭാഗം

സബ്ജക്ട് കൗൺസിൽ - കൺവീനറുടെ നേതൃത്വത്തിൽ അധ്യാപകർ ഒരുമിച്ച് ചേർന്ന് സബ്ജക്ട് കൗൺസിൽ നടത്തിവരുന്നു.

എസ്.ആർ.ജി : രണ്ടാഴ്ചയിൽ ഒരിക്കൽ എസ്.ആർ.ജി യോഗം ചേരുകയും അക്കാദമിക കാര്യങ്ങളെക്കുറിച്ച് തീരുമാനം എടുക്കുകയും കഴിഞ്ഞ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും പ്രവർത്തനങ്ങളുടെ ആസൂത്രണം നടത്തുകയും ചെയ്യുന്നു.

പി.ടി.എ : ഓരോ ടേമിലും ക്ലാസ്സ് പി.ടി.എ കൂടുകയും കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുകയും പഠനപ്രവർത്തനങ്ങളുടെ നിലവാരം മെച്ചപ്പെടുത്താമെന്ന് രക്ഷിതാക്കളുമായി ചർച്ചകൾ നടത്തുകയും ചെയ്യുന്നു.

എം.പി.ടി.എ : മാതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും കുട്ടികളിലെ വ്യക്തിശുചിത്വം പഠന നിലവാരം എന്നിവയെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്യുന്നു.

ജാഗ്രതാസമിതി : ലഹരി ഉപയോഗങ്ങളെ നിയന്ത്രിക്കാൻ സ്കൂളിന് സമീപമുള്ള കടകളിൽ നിർദ്ദേശങ്ങൾ നൽകി.

# കലാകായിക വിദ്യാഭ്യാസം

| പ്രവർത്തനം | വിശദാംശങ്ങൾ | നേട്ടങ്ങൾ |
|---|---|---|
| കലാകായിക വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ | കുട്ടികളെ ഗ്രൂപ്പുകളാക്കി വ്യായാമം ചെയ്യിക്കുന്നു. കളികൾക്ക് പരിശീലനം നൽകുന്നു. അസംബ്ലിയിൽ വ്യായാമം ചെയ്യുന്നു. കലകൾക്ക് പരിശീലനം നൽകി കലാമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. കളിയുപകരണങ്ങൾ വാങ്ങി നൽകുന്നു. | സർഗാത്മക കഴിവുകൾ മെച്ചപ്പെടുത്തുന്നു. മത്സരങ്ങളിൽ പങ്കെടുക്കുവാൻ കുട്ടികൾ ഉത്സാഹം കാണിക്കുന്നു. |

# ഹരിത വിദ്യാലയം

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതലകൾ | മോണിറ്ററിംഗ് | നേട്ടങ്ങൾ |
|---|---|---|---|---|---|
| ഹരിത വിദ്യാലയം<br>പരിപാലനത്തിനായി ബോധവത്കരണ ക്ലാസ്സ് നൽകുന്നു<br>മരത്തൈകളുടെ വളർച്ചയെക്കുറിച്ച് പരിശോധിക്കുന്നു.<br>രേഖപ്പെടുത്തുന്നു. | സ്കൂൾ അന്തരീക്ഷം പച്ച പിടിപ്പിക്കുന്നതിന്റെ ഭാഗമായി മരത്തൈകൾ കുട്ടികൾക്ക് നൽകുന്നു.<br>കൃഷിഭവന്റെ നേതൃത്വത്തിൽ പച്ചക്കറി കൃഷി ജൈവ കീടനാശിനി ജൈവ വളപ്രയോഗം ഔഷധ സസ്യത്തോട്ടം നവീകരിക്കുന്നു.<br>സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി സ്കൂൾ ലീഡർ, മറ്റു ലീഡേഴ്സ് എന്നിവരെ തിരഞ്ഞെടുക്കുന്നു.<br>സ്കൂൾ പത്രം പ്രസിദ്ധീകരിക്കാൻ വർഷത്തിൽ . | വർഷം മുഴുവൻ | ഫോറസ്റ്റി ക്ലബ്ബ്<br>ഇക്കോ ക്ലബ്ബ്<br>പരിസ്ഥിതി ക്ലബ്ബ് | H.M<br>PTA<br>കൃഷി ഭവൻ | മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കുന്നു.<br>പച്ചക്കറി കൃഷിയുടെ പ്രാധാന്യം കുട്ടികൾ കണ്ടെത്തുന്നു.<br>സ്കൂൾ പരിസരം ആകർഷണീയമാക്കാൻ പറ്റുന്നു.<br>ഔഷധ സസ്യങ്ങൾ വിവിധതരം രോഗങ്ങൾക്ക് മരുന്നിനായി ഉപയോഗിക്കാമെന്ന് കണ്ടെത്തുന്നു.<br>കൃഷിചെയ്യാൻ താല്പര്യം ജനിക്കുന്നു. |

# പോഷകാഹാര വിതരണപരിപാടി

| പ്രവർത്തനം | വിശദാംശങ്ങൾ | [illegible] | നേട്ടങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| പോഷകാഹാര വിതരണപരിപാടി | എല്ലാ പ്രവർത്തി ദിനങ്ങളിലും ഉച്ചഭക്ഷണം നൽകുന്നു | എച്ച്.എം | ആരോഗ്യപരിപാലനം പ്രതിരോധം വർദ്ധിപ്പിക്കുന്നു | ഗവ. പി.ടി.എ |
| പച്ചക്കറി കൃഷി | ആഴ്ചയിൽ മുട്ട, പാൽ, പഴം എന്നിവ നൽകുന്നു | ഉച്ചഭക്ഷണ കമ്മിറ്റി കൺവീനർ | കുട്ടികൾ കൃഷിരീതിയെ കുറിച്ച് മനസിലാക്കുകയും. വളർന്നുവരുന്ന തലമുറയെ കൃഷിയോട് അഭിരുചിയുള്ളവരാക്കിതീർക്കുകയും. ചെയ്യുന്നു | |

## ചർച്ചാവിഷയങ്ങൾ

- അക്കാദമിക കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുക. കുട്ടികളുടെ ഭവന സന്ദർശനം.
- പാചകപ്പുരയുടെയും അനുബന്ധകാര്യങ്ങളും പുനർനവീകരണം നടത്തുക
- പഠനോപകരണങ്ങളുടെ നവീകരണം നടത്തുക
- ക്ലാസ്സുകൾ ടൈലിട്ട് വൃത്തിയാക്കുക
- ചുറ്റുമതിൽ നിർമ്മാണം
- പച്ചക്കറിത്തോട്ട നിർമ്മാണം
- ഔഷധത്തോട്ട നിർമ്മാണം
- ഫലവൃക്ഷത്തൈ നട്ട് പരിപാലനം
- ലാബ്, ലൈബ്രറി നവീകരണം.

# വിജയത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- ഓഫീസ് റൂം, സ്റ്റാഫ് റൂം, ടൈലിട് വൃത്തിയാക്കുക
- എല്ലാ ക്ലാസ് റൂമുകളും ഹൈടെക് ആക്കുക
- ഓഫീസ് സ്റ്റാഫ് റൂമുകളിൽ ആവശ്യാനുസരണം ഷെൽഫുകൾ നിർമ്മിക്കുക.
- ഓഡിറ്റോറിയം ഷട്ടർ ഇട്ട് ടൈലിട് മോടിപിടിപ്പിക്കുക.
- കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ സ്കൂളിനോട് ചേർന്ന് വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ഷട്ടിൽബാഡ്മിന്റൺ കോർട്ട് എന്നിവ വിശാലമായ രീതിയിൽ സ്കൂളിന് മുന്നിൽ ക്രമീകരിക്കുക.
- കുട്ടികൾക്ക് ആവശ്യാനുസരണം ടോയ്‌ലറ്റ്, കൈകഴുകുന്നതിനുള്ള വാഷുകൾ ക്രമീകരിക്കുക
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നിവ അനായാസമായി എഴുതാനും വായിക്കാനും പറയാനും കഴിവുള്ളവരാക്കുക.
- വരും വർഷങ്ങളിൽ എസ്.എസ്.എൽ.സിക്ക് നൂറ് ശതമാനം വിജയം ഉറപ്പുവരുത്തുക.

# ജലശ്രീ ക്ലബ്ബ്

കുട്ടികളിൽ ജലസാക്ഷരതയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാനും ജലസംരക്ഷണം നടപ്പിലാക്കാനും വേണ്ടി ജലശ്രീ ക്ലബ്ബിന് സ്കൂളിൽ തുടക്കം കുറിച്ചു.

കുട്ടികൾക്ക് കിറ്റ് നൽകി കുടിവെള്ള പരിശോധന നടത്തുക, നദീസന്ദർശനം, അസംബ്ലി, കുടിവെള്ള [illegible]ണം, പൈപ്പ്‌വെള്ള [illegible] നിയന്ത്രണം, വാട്ടർ ഷെഡ് [illegible], എന്നീ പരിപാടികൾ ജലശ്രീ ക്ലബ്ബിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാവുക, ജലസ്രോതസ്സുകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുക, ജലസംഭരണ ശുചീകരണ വിതരണ സംവിധാനങ്ങൾ ഉറപ്പാക്കുക, സമൂഹത്തിൽ പുതിയൊരു ജല സംസ്കാരം രൂപപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുക, ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം, ജലദൗർലഭ്യം, ജലസംരക്ഷണമാർഗങ്ങൾ, മാതൃകകൾ, രീതികൾ, ശുചീകരണ സംവിധാനങ്ങൾ എന്നിവയെക്കുറിച്ച് സ്കൂൾ വിദ്യാർഥികളിൽ അവബോധം വളർത്തുക എന്നിവയാണ് ജലശ്രീ ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ.

# ജൈവ വൈവിധ്യ പാർക്ക് - ശലഭോദ്യാനം

ബയോഡൈവേഴ്സിറ്റി രജിസ്റ്ററുമായി ചേർന്ന് സ്കൂളിന് മനോഹരമായ ജൈവവൈവിധ്യ പാർക്കും ശലഭോദ്യാനവും ആകർഷകമാക്കിയിരിക്കുന്നു.

- സ്കൂളിന്റെ പരിസരത്ത് പരിപാലിച്ചു പോരുന്ന ഫലവൃക്ഷത്തോട്ടത്തിൽ റമ്പൂട്ടാൻ, മാംഗോസ്റ്റിൻ, നാട്ടുമാവിൻ തോട്ടം, സപ്പോട്ട, ലൂബിക്ക, ഫാഷൻ ഫ്രൂട്ട്, വാഴ, തെങ്ങ്, ആഞ്ഞിലി, കൊക്കോ, പപ്പായ തുടങ്ങിയവ സമൃദ്ധമായി വളരുന്നു.
- വിശാലമായ പച്ചക്കറിത്തോട്ടത്തിൽ വെണ്ട, ചീര, പാവൽ, പച്ചമുളക്, പയർ, ചേമ്പ്, ചേന, കാബേജ് തുടങ്ങിയവ കോളിഫ്ലവർ, കാരറ്റ്, ക്വാളിഫ്ലവർ, ... വിളവെടുത്തു.
- സ്കൂൾ മുറ്റം ആകർഷകമാക്കുന്ന ശലഭോദ്യാനത്തിൽ വിവിധയിനം പൂച്ചെടികൾ തഴച്ചുവളരുന്നു.
- ചെമ്പരത്തിച്ചെടികൾ കൊണ്ട് ജൈവവേലി നിർമ്മാണം നടത്തിയിട്ടുണ്ട്.
- വിവിധ തരം ഔഷധസസ്യങ്ങൾ ജൈവ വൈവിധ്യപാർക്കിനെ മനോഹരമാക്കുന്നു. കൂടാതെ ജലത്തിലൊഴുകുന്ന പൂമരങ്ങൾ സ്കൂൾ പരിസരത്തെ സുഗന്ധപൂരിതമാക്കുന്നു.

# മലയാളം

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും എഴുത്തും വായനയും പര്യാപ്തരാകുന്നു എന്ന് ഉറപ്പു വരുത്തുക.
- പഠനമികവിനൊപ്പം സാമൂഹ്യ സേവനത്തിന് ഉതകുന്ന വിധത്തിൽ കുട്ടികളെ വാർത്തെടുക്കൽ
- വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ഉറപ്പാക്കൽ
- കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക.
- സമകാലിക പ്രശ്നങ്ങളെ ആസ്പദമാക്കി സംവാദങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കൽ.

## പ്രവർത്തനങ്ങൾ

### ഹ്രസ്വകാലം

1. കുട്ടിയെ മികച്ച വായനക്കാരനാക്കുക.

- വായനക്കൂട്ടം രൂപീകരിക്കൽ
- ക്ലാസ്സ് ലൈബ്രറി ഫലപ്രദമായി രൂപീകരിക്കൽ
- എല്ലാ ദിവസവും പത്രവായന
- വായനാനുഭവം പങ്കുവെയ്ക്കൽ

2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

- എല്ലാദിവസവും കേട്ടെഴുത്ത് നടത്തുക.
- കുട്ടികളെക്കൊണ്ട് ഭാവാത്മകമായി പാഠഭാഗങ്ങൾ വായിപ്പിക്കുക.

# മലയാളം - ഹൈസ്കൂൾ വിഭാഗം

# മധ്യമകാല പദ്ധതികൾ

## 1. സാഹിത്യാഭിരുചി

- കുട്ടികളിലെ സാഹിത്യാഭിരുചി വളർത്തുന്നതിനായി സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി കൈയെഴുത്തു മാസിക തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി ഓരോ പാഠത്തിന്റെയും ചുരുക്കം തയ്യാറാക്കി നൽകൽ.
- ലോകചരിത്രത്തിലെ പ്രശസ്തവ്യക്തികളുടെ ആത്മകഥ, ജീവചരിത്രം, എന്നിവ ശേഖരിച്ച് കുട്ടികൾക്ക് വായനക്കുറിപ്പ് തയ്യാറാക്കാൻ ശ്രമിക്കുന്നു.
- മലയാളത്തിലെ മികച്ച കവികളുടെയും സാഹിത്യകാരന്മാരുടെയും ആൽബം തയ്യാറാക്കാൻ ശ്രമിക്കുന്നു
- പാഠഭാഗങ്ങളെ ആസ്പദമാക്കിയുള്ള എല്ലാ കൃതികളും സ്കൂൾ ലൈബ്രറിയിലേക്ക് സമാഹരിക്കുവാൻ ശ്രമിക്കുന്നു.

## 2. ദീർഘകാല പദ്ധതികൾ

- സ്കൂളിലെ എല്ലാ കുട്ടികൾക്കും മലയാളത്തിൽ അക്ഷരത്തെറ്റില്ലാതെ എഴുതാനും വായിക്കാനും ആശയം ഗ്രഹിക്കാനും പ്രാവീണ്യം നേടണം.
- കുട്ടികൾ വഴിയായി നാട്ടിലെങ്ങും മാതൃഭാഷയെ ആദരിക്കുകയും സ്നേഹിക്കുകയും മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുകയും വേണം.
- സ്കൂളിലെ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കുകയും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉന്നത വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭിക്കണം.

3 ജനകീയ സംവിധാനം

- ജയ്ഹിന്ദ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഓരോ ക്ലാസ്സിലും ആവശ്യാനുസരണം വിതരണം ചെയ്യുന്നു

4 പ്രകൃതിപഠനം-

പ്രകൃതിയെ അറിഞ്ഞ് കവിതയും കഥയും പറഞ്ഞ് മലയാളം മധുരമാക്കുന്നു.

5 ആശയാവിഷ്കരണം

പാഠഭാഗങ്ങളെ ആസ്പദമാക്കി നാടകം, തിരക്കഥ, ചിത്രങ്ങൾ, മോണോആക്ട് എന്നിങ്ങനെ വ്യത്യസ്ത ആവിഷ്കാരങ്ങൾ നടത്തുന്നു.

6 സാഹിത്യാഭിരുചി

കഥാരചന, കവിതാരചന, ലേഖനങ്ങൾ, ചിത്രരചന കാർട്ടൂൺ മത്സരം തുടങ്ങിയവ നടത്തുന്നു.

7 സർഗാത്മകത

കുട്ടികളെത്തന്നെ വിധികർത്താക്കളാക്കി പ്രസംഗ മത്സരം, കഥാപൂർത്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

8- പൗരബോധം

കുട്ടികളെ ഉത്തമ പൗരന്മാരാക്കുന്നതിനായി സമകാലിക പ്രശ്നങ്ങളെ ആസ്പദമാക്കി സംവാദങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു.

വിഭാഗം : UP

വിഷയം : മലയാളം

**ലക്ഷ്യം :** കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിന്. സർഗാത്മകതയെ പോഷിപ്പിക്കുന്നതിന്.. എല്ലാ കുട്ടികൾക്കും അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള ശേഷി നേടുന്നതിനും.

**അവസ്ഥാ വിശകലനം :** ഭാഷാശേഷി കുറഞ്ഞവർ വ്യാകരണത്തെറ്റുകൂടാതെ ആശയങ്ങൾ ക്രമബദ്ധമായി ആവിഷ്കരിക്കാനുള്ള വെല്ലുവിളികൾ, സർഗാത്മക സൃഷ്ടികൾ നടത്താനുള്ള ആത്മവിശ്വാസമില്ലായ്മ. ഇവയെല്ലാം തുടർച്ചയായ പ്രവർത്തനങ്ങളിലൂടെ പരിഹരിക്കാനാവുന്നതാണ് എന്ന് മനസ്സിലാക്കി.

**പ്രതീക്ഷിത നേട്ടങ്ങൾ :** കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗാത്മകതയെ ഉണർത്തി അവരിൽ ആത്മവിശ്വാസം ജനിപ്പിക്കൽ, അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിനും വ്യാകരണത്തെറ്റില്ലാതെ ആശയാവിഷ്കരണം നടത്തുന്നതിനും പ്രാപ്തരാക്കൽ. വായനാശീലം.

വർദ്ധിപ്പിക്കുന്നതിനായി പുസ്തക വായന
കയ്യെഴുത്തുമാസിക.

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| 5,6,7 ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി റീഡേഴ്സ് ക്ലബ് തുടക്കം കുറിക്കൽ ലൈബ്രറി പുസ്തക വിതരണം. | ജൂൺ 1 മുതൽ 30 വരെ |
| • വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ | ജൂലൈ 1 മുതൽ 31 വരെ |
| • അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിനായി എല്ലാ ദിവസവും പാഠഭാഗത്തെ ആസ്പദമാക്കി കേട്ടെഴുത്ത്. | ആഗസ്റ്റ് 1 മുതൽ 31 വരെ |
| • വിവിധ വ്യവഹാരരൂപങ്ങളെ പരിചയപ്പെടുത്തൽ വ്യാകരണത്തെറ്റില്ലാതെ എഴുതുവാനുള്ള പരിശീലനം. | സെപ്റ്റംബർ 1 മുതൽ 30 വരെ |
| • കുട്ടികളിലെ സർഗാത്മക വാസനകളെ ത്വരിതപ്പെടുത്തുന്നതിനായി കഥ, കവിത, കാർട്ടൂൺ, ആസ്വാദനം, ഉപന്യാസം, ലേഖനം എന്നിങ്ങനെ ഓരോ വിഭാഗത്തിലും താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ഗ്രൂപ്പ് തിരിക്കൽ | ഒക്ടോബർ 1 മുതൽ 31 വരെ |

| | |
|---|---|
| • ഈ സ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പതിപ്പ് നിർമ്മിക്കുന്നതിനെക്കുറിച്ച് ചർച്ച. ഓരോ വിഷയത്തിലും നല്ല മാതൃകകൾ നൽകി സൃഷ്ടികൾ നടത്തുവാൻ പ്രാപ്തരാക്കൽ. | നവംബർ 1 മുതൽ 31 വരെ |
| • പതിപ്പ് നിർമ്മിക്കാൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും ചീഫ് എഡിറ്ററെയും തെരഞ്ഞെടുക്കൽ | ഡിസംബർ 1 മുതൽ 31 വരെ |
| • പതിപ്പിലേക്കുള്ള വിഭവങ്ങൾ നിർമ്മിക്കൽ. സൃഷ്ടികൾ പരിശോധിച്ച് അക്ഷരത്തെറ്റുകൾ. വ്യാകരണത്തെറ്റുകൾ എന്നിവ ചർച്ചചെയ്ത് തിരുത്തൽ, പതിപ്പിന് ഉചിതമായ പേര് കണ്ടെത്തൽ, പതിപ്പിന്റെ പിന്നിൽ സമർപ്പണം. | ജനുവരി 1 മുതൽ 31 വരെ |
| • മലയാളം ടൈപ്പിംഗ് പരിശീലനം, സൃഷ്ടികൾ ടൈപ്പ് ചെയ്ത് പ്രിന്റ് എടുത്ത് പുസ്തകരൂപത്തിൽ ആക്കൽ | ഫെബ്രുവരി 1 മുതൽ 28 വരെ |
| • പതിപ്പ് പ്രകാശനം | മാർച്ച് |

വിഭാഗം : ഹൈസ്കൂൾ

വിഷയം : മലയാളം

**ലക്ഷ്യം** :- മാതൃഭാഷയായ മലയാളം എല്ലാ കുട്ടികൾക്കും അനായാസം വായിക്കാനും എഴുതാനും കഴിയുക. സ്വന്തമായ നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ എന്നിവ സർഗാത്മകതയോടെ പ്രകടിപ്പിക്കാൻ കഴിയുക. ഭാഷാപഠനം സുതാര്യവും കാര്യക്ഷമവുമാക്കുക.

**അവസ്ഥാവിശകലനം** :- ചെറിയ ക്ലാസ്സുകളിൽ വെച്ച് ഭാഷയുടെ അടിസ്ഥാനം ലഭിക്കാത്തവർ, വ്യാകരണത്തെറ്റു കൂടാതെ ആശയങ്ങൾ ശരിയായ രീതിയിൽ ആവിഷ്കരിക്കാൻ ബുദ്ധിമുട്ടു നേരിടുന്നവർ, സ്വന്തമായി സർഗാത്മക സൃഷ്ടികൾ നടത്താൻ സാധിക്കാത്തവർ, വിവിധ വ്യവഹാര രൂപങ്ങളെ പറ്റി ധാരണയില്ലാത്തവർ - ഇവരെയെല്ലാം തുടർച്ചയായ പഠനപ്രവർത്തനങ്ങളിലൂടെ ഭാഷാശേഷി കൈവരിക്കാൻ പ്രാപ്തരാക്കേണ്ടതാണ്.

**പ്രതീക്ഷിത നേട്ടങ്ങൾ** :- ഓരോ കുട്ടിയേയും ഓരോ യൂണിറ്റാക്കി കൊണ്ട് അവരിലുള്ള സർഗശേഷികളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ, ഏതു മേഖലയിലാണോ അവരുടെ സ്വതസിദ്ധമായ നൈപുണി - ആ മേഖലയിൽ പ്രത്യേക പരിശീലനം നൽകാൻ, ഭാഷാശേഷി വർദ്ധിപ്പിച്ച് അവർക്ക് ആത്മവിശ്വാസം നൽകാൻ, അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിനും വ്യാകരണത്തെറ്റില്ലാതെ ആശയാവിഷ്കരണം നടത്തുന്നതിനും പ്രാപ്തരാക്കാൻ, വായനാശീലം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിക്കാൻ, പുസ്തകവായന, പത്രവായന, രചനാമത്സരങ്ങൾ, കൈയ്യെഴുത്ത് മാസിക, പതിപ്പുകൾ എന്നിവ തയ്യാറാക്കാൻ.

| പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| 8, 9, 10 ക്ലാസ്സുകളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി റീഡേഴ്സ് ക്ലബ് രൂപീകരണം കുറിക്കൽ. ലൈബ്രറി പുസ്തക വിതരണം. | ജൂൺ 1 മുതൽ 30 വരെ |
| വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, വിവിധ പതിപ്പുകൾ എന്നിവ തയ്യാറാക്കൽ. | ജൂലൈ 1 മുതൽ 30 വരെ |
| അക്ഷരത്തെറ്റില്ലാതെ എഴുതുന്നതിനായി എല്ലാ ദിവസവും പാഠഭാഗത്തെ ആസ്പദമാക്കി കേട്ടെഴുത്ത്. എല്ലാ ആഴ്ചയിലും ടെസ്റ്റ് പേപ്പർ. | ഓഗസ്റ്റ് 1 മുതൽ 30 വരെ |
| വിവിധ വ്യവഹാരരൂപങ്ങളുടെ പരിചയപ്പെടുത്തൽ, വ്യാകരണത്തെറ്റില്ലാതെ എഴുതുവാനുള്ള പരിശീലനം. | സെപ്റ്റംബർ 1 മുതൽ 30 വരെ |
| കുട്ടികളുടെ സർഗാത്മക വാസനകളെ ത്വരിതപ്പെടുത്തുന്നതിനായി കഥ, കവിത, നാടകം, തിരക്കഥ, കാർട്ടൂൺ, ആസ്വാദനം, ഉപന്യാസം, ലേഖനം എന്നിങ്ങനെ ഓരോ വിഭാഗത്തിലും താല്പര്യമുള്ള കുട്ടികളെ ഗ്രൂപ്പാക്കി തിരിക്കൽ. | ഒക്ടോബർ 1 മുതൽ 31 വരെ |
| ഹൈസ്കൂളിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി കയ്യെഴുത്തു മാസിക നിർമ്മിക്കുന്നതിനെക്കുറിച്ച് ചർച്ച. ഓരോ വിഷയത്തിലും നല്ല മാതൃകകൾ നൽകി സൃഷ്ടികൾ നടത്തുവാൻ പ്രാപ്തരാക്കൽ, ശില്പശാല ക്രമീകരിക്കൽ. | നവംബർ 1 മുതൽ 30 വരെ |
| കയ്യെഴുത്ത് മാസികയുടെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും ചീഫ് എഡിറ്ററെയും തിരഞ്ഞെടുക്കൽ. ഓരോ ക്ലാസ്സിനും ഒരു കയ്യെഴുത്തു മാസിക തയ്യാറാക്കൽ. | ഡിസംബർ 1 മുതൽ 31 വരെ. |

| പ്രവർത്തനങ്ങൾ 36 | കാലയളവ് |
| --- | --- |
| ഓരോ മാസത്തിലും നിർമ്മിച്ച കയ്യെഴുത്ത് മാസിക സമർപ്പിക്കൽ. എല്ലാ കയ്യെഴുത്ത് മാസികയ്ക്കും ഉചിതമായ പേരുകൾ കുട്ടികൾ തിരഞ്ഞെടുക്കൽ. അവസാനത്തെ പേജുകൾ ചിത്രത്ത് മനോഹരമാക്കൽ. | ജനുവരി 1 മുതൽ 31 വരെ. |
| ഒരു അക്കാദമിക വർഷത്തെ കുട്ടികളുടെ ഭാഷാപരമായ നൈപുണികളുടെ അടിസ്ഥാനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യൽ. | ഫെബ്രുവരി 1 മുതൽ 28 വരെ. |
| കയ്യെഴുത്ത് മാസിക പ്രകാശനം. | |
| വാർഷിക പരീക്ഷയ്ക്കായി കുട്ടികളെ ഒരുക്കൽ | |
| മികവുത്സവം | മാർച്ച്. |

# ENGLISH [UP] 37

| Objectives | Activity | Duty | month |
| --- | --- | --- | --- |
| This activity aims to enable students to speak English. | 'Let's Talk' | English teacher | June to January |
| Students get opportunities to listen simple and interesting stories, conversations, narrations etc and encourage the children to answer the questions from the topics. This activity aims to improve the listening skills of the students. | 'Let's Listen' | English teacher | June to January |
| Train students to prepare news and record and to present in the class. The Best News Reader will be selected and rewarded at the end of the second term. | 'Breaking News' | English Teacher | June to December |
| This activity aims to improve the reading skill of the students. Teacher gives reading cards to students. They read aloud in the class. | 'I Can' | English teacher | June to January |

| objectives | activity | Duty | months |
|---|---|---|---|
| Train students to follow and obey instructions in English. | 'Follow me if you can' | English Tr. | June to January |
| Hot Seat activity is an interactive classroom game where one student answers questions from their peers | HOT SEAT | English Tr. | June to December |
| This activity aims to improve the writing skill of students. Students are instructed to write various topics in a particular note book. Teacher gives necessary corrections. | My Book | | June to January |
| English class magazine is a platform for students to showcase their literary talents. | Class Magazine | English Tr. | October |
| Students can showcase their talents in English fest. Eg: | English Fest | | |

ENGLISH, HS

| objectives | Activity | months. |
|---|---|---|
| This training programme aims to enable the students to speak English easily and confidently. | Let's Talk | June to January |
| This activity aims to enhance the listening skill of the students. students listen to audio records and answer the questions from the audio records or given worksheets | Lend Your Ears | June to January |
| 'My Book' aims to improve the writing skill of the students. The students are asked to write about the given topics in a particular note book. The teacher gives the students necessary corrections | My Book | June to January. |

| | | |
|---|---|---|
| 'The Best Reader' is an activity to promote and develop the reading skill of students. The teacher gives reading cards to students and they read aloud in the class. Teacher gives necessary corrections. | The Best Reader | June to January |
| This activity aims to achieve A plus in English. Special training is given as per the calibre of the student. | AIM | June to February |
| Students prepare class news paper in English. | English NewsPaper | July |
| students can showcase their talents in English in English Fest | English Fest | Nov. |

# അക്കാദമിക് മാസ്റ്റർപ്ലാൻ നിർവ്വഹണപദ്ധതി

## 2025 - 2026

വിദ്യാലയത്തിന്റെ പേര് : SMHS Kodikulam

വിഭാഗം : UP

വിഷയം : സംസ്കൃതം

ലക്ഷ്യം : എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. കുട്ടികളിൽ സംസ്കൃതഭാഷയോടുള്ള അഭിരുചി വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. കുട്ടികൾക്ക് സംസ്കൃതാക്ഷരങ്ങളും ചിഹ്നങ്ങളും അവ ഉപയോഗിച്ച് കാണുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പരിചയപ്പെട്ട് അവയിലൂടെ ഭാഷാ പ്രാവീണ്യം നേടുന്നതിന് | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• അക്ഷരമാല കളികൾ<br>• ചിത്രങ്ങളുടെ പേര് പറയൽ | ജൂൺ - ആഗസ്റ്റ് |

| | | |
|---|---|---|
| 2. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ |
| ആസ്വാദന ലേഖനം<br>3. കുട്ടികളുടെ ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി. | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• പറയാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ | അക്കാദമിക വർഷം |
| 4. കുട്ടികളിൽ സംസ്കൃത ഭാഷയോടുള്ള അഭിരുചി വളർത്തുക<br>. വർക്ക്ഷീറ്റ് | സംസ്കൃതദിനം, സംസ്കൃത അസംബ്ലി<br>. വായനമേള<br>. പതിപ്പ് | അക്കാദമിക വർഷം. |

| | | |
|---|---|---|
| 5. കുട്ടികളെ വായനയിലൂടെ ലോകത്തേക്ക് കൊണ്ടു വരൽ<br>· കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ സംനേട്ടങ്ങൾ | · പഠനോപകരണ നിർമ്മാണം.<br>· പഴയതായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>· വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>· കലണ്ടർ നിർമ്മാണം | ജൂൺ - മാർച്ച് |
| 6. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | · പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>· പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>· പെയിന്റിംഗ് | ജൂൺ - മാർച്ച് |

विषय : हिन्दी

विभाग : यु.पी, एच.एस

लक्ष्य : स्कूल आने वाले सभी बच्चों में प्रभावी ढंग से हिंदी बोलने, लिखने और पढ़ने की क्षमता विकसित करना।

- हिंदी भाषा सीखने के माध्यम से बच्चों में हिंदी भाषा के प्रति प्रेम और देशभक्ति का विकास करें।

| लक्ष्य | गतिविधियाँ | अवधि |
|---|---|---|
| अक्षर, चिन्ह आदि को पहचानने का प्रशिक्षण देता है। | कक्षा में वर्णमाला चार्ट प्रदर्शित करना | |
| अक्षर पढ़ना, लिखना और छोटे-छोटे वाक्य बनाना सिखाता है। | दृश्य - श्रव्य सहायता से उच्चारण से परिचित करना | जून - जुलाई |
| संख्या, महीना, दिन आदि का नाम सिखाए जाते हैं। रंग जानवर, आकृतियाँ | श्रुतलेख, पहेलियाँ और समस्या समाधान, आदि बच्चों को देते हैं। | अगस्त- सितम्बर |

| | | |
|---|---|---|
| मासिक समारोह आयोजित करके बच्चों की रचनात्मकता का विकास किया जाता है | कहानि, कविता नाटक, भाषण आदि लिखना | अगस्त सितम्बर |
| पोस्टर तैयार करने का प्रशिक्षण | पोस्टर मॉडल उपलब्ध कराए जाते हैं और विभिन्न विषयों पर पोस्टर बनाए जाते हैं। | अक्टूबर-नवम्बर |
| कविता पढ़ाना और आस्वादन टिप्पणी तैयार करना सिखाना | छोटी-छोटी कविताओं का आस्वादन टिप्पणी लिखना सिखाता है। | दिसंबर-जनवरी |
| कार्टून और चित्रकथा पढ़कर आशय प्रस्तुत करना सिखाता है | कार्टून और चित्रकथा पढ़ने के लिए देते हैं | |

| | | |
|---|---|---|
| बच्चों को हिंदी व्याकरण सिखाना | सर्वनाम, विशेषण क्रिया, काल पढ़ाकर शिक्षण कार्य हेतु गतिविधि उपलब्ध करता है। | फरवरी-मार्च |
| हिंदी भाषा सीखने में पिछड़ रहे बच्चों को अधिक सहायता भी प्रदान करता है। | पढ़ाई में पिछड़े बच्चों के लिए विशेष शिक्षण कार्य प्रदान करता है | |

വിഷയം :- Social Science

വിഭാഗം :- H.S

ലക്ഷ്യം :- ചരിത്രത്തെ തുടർപ്രക്രിയയായി അവതരിപ്പിക്കുക സമകാലിക അന്വേഷണങ്ങളും കണ്ടെത്തലുകളും പഠനങ്ങളും ഉപയോഗപ്പെടുത്തുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ഫീൽഡ് ട്രിപ്പ് :- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിലെ നിശ്ചിത ദിവസങ്ങളിൽ |
| 2 ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം എന്നിവ വളർത്തുക. | സ്കൂൾ പാർലമെന്റ് മോക്ക് പാർലമെന്റ് പൗരബോധം. സാമൂഹിക സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ നിശ്ചിത ദിവസങ്ങളിൽ |

| | | | |
|---|---|---|---|
| 3. | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | സർവ്വേ, പ്രോജക്ട്, ചർച്ച, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ സ്വാശ്രയം കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം |
| 4 | ഭൂപടവായന കുട്ടികളിൽ വളർത്തുക സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂപടം, ഗ്ലോബ്, അറ്റ്ലസ് എന്നിവ വിശകലനം ചെയ്ത് ഓരോ രാജ്യത്തിന്റെയും, ഇവയുടെ തലസ്ഥാനങ്ങളും കുട്ടികൾ തിരിച്ചറിയുന്നതും കുട്ടികളെ സഹായിക്കുന്നു. | അക്കാദമിക വർഷത്തിലെ ചില ദിവസങ്ങൾ |
| 5 | വ്യത്യസ്ത ഇനം മണ്ണിനങ്ങളെക്കുറിച്ചും ജലാശയങ്ങൾ കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | നമ്മുടെ പ്രകൃതിയിലെ വിവിധ പ്രതിഭാസങ്ങളായ കാറ്റ്, മഴ, ജലം എന്നിവയെക്കുറിച്ചും ജലാശയങ്ങൾ, നദികൾ, പർവ്വതങ്ങൾ എന്നിവയെ കുറിച്ച് വിശകലനം ചെയ്യുന്നു. | അക്കാദമിക വർഷം. |

# അക്കാദമിക് മാസ്റ്റർപ്ലാൻ നിർവഹണ പദ്ധതി

## 2025 - 26

വിഭാഗം : UP

വിഷയം : സാമൂഹ്യ ശാസ്ത്രം

ലക്ഷ്യം : കുട്ടികളിൽ സാമൂഹികാവബോധം വളർത്തുക. ചരിത്ര വസ്തുതകളെ വിശകലനം ചെയ്ത് മുന്നേറുക. ജനാധിപത്യ ജീവിത ശൈലി വളർത്തുക

അടിസ്ഥാന വിശകലനം : സാമൂഹിക ശാസ്ത്ര ലാബ് നിർമ്മാണം

പ്രതീക്ഷിത നേട്ടങ്ങൾ : സാമൂഹിക ശാസ്ത്ര പഠനം കാര്യക്ഷമമാക്കി പഠന ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായം |
|---|---|---|---|---|
| 1. സാമൂഹിക ശാസ്ത്രത്തിലൂടെ അടിസ്ഥാന അറിവുകൾ പരിശോധിക്കാൻ | * സാമൂഹിക ശാസ്ത്രത്തിലൂടെ അടിസ്ഥാന അറിവുകൾ പരിശോധിക്കുന്നതിന് ഉതകുന്ന * മാപ്പ് റീഡിങ്, * സോഷ്യൽ സയൻസ് ക്വിസ് | June | സാമൂഹികശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |
| 2. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനത്തിലേർപ്പെടുവാൻ കുട്ടികളെ ബോധവൽക്കരിക്കുക പ്രാപ്തരാക്കുക. | * വെള്ളപ്പൊക്കം ഉരുൾപൊട്ടൽ കൊടുങ്കാറ്റ്, ഭൂകമ്പം തുടങ്ങി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കുക രക്ഷാപ്രവർത്തന പരിശീലനം അഗ്നിശമന സേനാംഗങ്ങൾ | July August | സോഷ്യൽ സയൻസ് ക്ലബ് | PTA |

| | | | | |
|---|---|---|---|---|
| 3. ഇന്ത്യൻ പാരമ്പര്യ ജീവിത ശൈലി രൂപപ്പെടുന്നു | * ഗ്രാമസഭകളിൽ മാതാപിതാക്കളോടൊപ്പം കുട്ടികൾ പങ്കെടുക്കുകയും ഇന്ത്യൻ ഭരണ സംവിധാനത്തിന്റെ അടിസ്ഥാനങ്ങൾ മനസിലാക്കുന്നു | അക്കാദമിക വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | PTA |
| 4. പഠിതാക്കളിൽ ചരിത്രാവബോധം വളർത്തുന്നു. | വലിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ ഉപയോഗപ്പെടുത്തി ഒരു Vertual Tour, ICT ഉപയോഗപ്പെടുത്തി നടത്തു | Oct Nov | സോഷ്യൽ സയൻസ് അധ്യാപകർ | PTA |
| 5. വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം അതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം | സൈബർ പോലീസിന്റെ സഹായത്തോടെ സോഷ്യൽ സയൻസ് ക്ലബ് സംഘടിപ്പിക്കുന്ന പരിപാടി | Dec Jan | S S അധ്യാപകർ | PTA |
| 6. സാമൂഹിക ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ ഉന്നത ബൗദ്ധിക നിലവാരത്തിലെത്തിക്കുന്നു. | പൊതുവിജ്ഞാന സമ്പാദനത്തിലൂടെ അറിവിന്റെ മാസ്മരിക ലോകത്തിലേക്ക് കൈപിടിച്ചുയർത്താൻ ക്രമമായ ചോദ്യോത്തര ക്വിസുകൾ | അക്കാദമിക വർഷം | S S അധ്യാപകർ | PTA |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുന്നു | മനുഷ്യന്റെ പ്രവർത്തനങ്ങളിലൂടെ നശിപ്പിക്കപ്പെടുന്ന വയലുകൾ, കാവുകൾ ജലാശയങ്ങൾ എന്നിവയെക്കുറിച്ചുള്ള സർവ്വേ | Feb | S S അധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| 2. ചുറ്റുപാടുകളിൽ നിന്ന് ജലത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്ന | • കൊച്ചു ശാസ്ത്രജ്ഞർ പരീക്ഷണങ്ങളിൽ ജലത്തിന്റെ അവസ്ഥകൾ ഭിന്നതകൾ എന്നിവ കണ്ടെത്താൻ | ആഗസ്റ്റ് - മാർച്ച് | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ് |
| 3 പകർച്ചവ്യാധികൾ തടയുന്നതിനും വ്യക്തി ശുചിത്വം പാലിക്കുന്നതിനും രോഗപ്രതിരോധ ശേഷി നേടുന്നതിനും | • ആരോഗ്യപ്രവർത്തകരുമായുള്ള അഭിമുഖം.<br>പ്രാഥമിക ആരോഗ്യ കേന്ദ്ര സന്ദർശനം.<br>പോസ്റ്റർ നിർമ്മാണം, പരിസരശുചീകരണം, ബോധവൽക്കരണ പരിപാടികൾ<br>• ശാസ്ത്രനാടകം പ്രതിരോധ വാക്സിനെ കുറിച്ചുള്ള നാടകം<br>• ഡ്രൈ ഡേ ആചരണം | ജൂൺ - ജൂലൈ ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ ഹെൽത്ത് ക്ലബ് | പി.ടി.എ |
| 4 ശുദ്ധജല സ്രോതസുകളെ കുറിച്ച് മനസിലാക്കുക, അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുക | ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവ കൂടെ ഒരു ദിവസത്തിൽ ജലത്തിന്റെ പ്രാധാന്യവുമായി ബന്ധപ്പെട്ട് സെമിനാർ, ജലനിധിയുമായി ബന്ധപ്പെട്ട ഉപകരണ നിർമ്മാണം, പരീക്ഷണ കളരി. | സെപ്തംബർ - മാർച്ച് | ശാസ്ത്ര അധ്യാപകർ ഇക്കോ ക്ലബ് ഹെൽത്ത് ക്ലബ് | ശാസ്ത്ര ക്ലബ് |
| 5 ശാസ്ത്രജ്ഞന്മാരെ അറിയാൻ അതിനായി ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | • വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കാം ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പരിസ്ഥിതി ക്ലബ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ നിർവ്വഹണപദ്ധതി
## 2025-2026

വിദ്യാലയത്തിന്റെ പേര് : SMHS Kodikulam

വിഭാഗം : HS

വിഷയം : സയൻസ്

ലക്ഷ്യം : കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. നിത്യജീവിതത്തിൽ ശാസ്ത്രാശയങ്ങൾ പ്രയോഗിക്കാനും.

അവസ്ഥാവിശകലനം : കുട്ടികളിലുണ്ടാകുന്ന പഠനവിടവ് നികത്തി ശാസ്ത്രവിഷയങ്ങൾ ശരിയായി വിനിമയം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

പ്രതീക്ഷിത നേട്ടങ്ങൾ : അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (നി)ത്യജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | • ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം, ശലഭോദ്യാനം, കുളം പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് | ജൂൺ - ജൂലൈ | ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 2) അന്തർലീനമായ കുട്ടികളുടെ കഴിവുകൾ, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | ലളിത പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| 3) ശാസ്ത്രരംഗത്തെ നൂതന നേട്ടങ്ങൾ ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാസ്ത്ര പഠനത്തിനായി ഉപയോഗപ്പെടുത്തുക | • വിസ്മയയാത്ര ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തുന്നു. | ആഗസ്റ്റ് സെപ്തംബർ | സയൻസ് ക്ലബ് സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| 4) ശാസ്ത്രപഠനത്തിലൂടെ ആശയവിനിമയശേഷി കൈവരിക്കൽ | ശാസ്ത്രനാടകങ്ങൾ പാഠഭാഗത്തെ അടിസ്ഥാനമാക്കി അവതരിപ്പിക്കുക. | അക്കാദമിക വർഷം | സയൻസ് ക്ലബ് ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 5) ശാസ്ത്രലോകത്ത് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുക. കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 6) വൈജ്ഞാനിക ബഹിർസ്ഫുരണം. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതികവിദ്യ. പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | മാനേജ്മെന്റ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ നിർവ്വഹണപദ്ധതി
## 2025 - 2026

വിദ്യാലയത്തിന്റെ പേര് : SMHS kodikulam

വിഭാഗം : UP

വിഷയം : അടിസ്ഥാനശാസ്ത്രം

ലക്ഷ്യം : നിത്യജീവിതത്തിൽ ശാസ്ത്ര ആശയങ്ങൾ പ്രയോഗികമാക്കുക ശാസ്ത്രാഭിരുചി വളർത്തുക.

അവസ്ഥാവിശകലനം : കുട്ടികളിലുണ്ടാകുന്ന പഠനവിടവ് നികത്തുന്നതിനാവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്യുക.

പ്രതീക്ഷിതനേട്ടങ്ങൾ : ശാസ്ത്രപഠനം മികവുറ്റതാക്കുക. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പഠനലക്ഷ്യങ്ങൾ കൈവരിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ജീവിത സാഹചര്യങ്ങളിൽ നിന്ന് ശാസ്ത്രം തിരിച്ചറിയൽ | • ജൈവവൈവിധ്യ പാർക്ക് : ഔഷധത്തോട്ടം, ശലഭോദ്യാനം, കുട്ടിപ്പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക്<br>• പ്രകൃതിയിലേക്ക് ഒരു നടത്തം പുഴയെ അറിയാൻ യാത്രകൾ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ | ജൂൺ - ജൂലൈ | ശാസ്ത്ര അധ്യാപകർ പരിസ്ഥിതി ക്ലബ് | പരിസ്ഥിതി ക്ലബ് |

# ഗണിതം (H.S)

വിഷയം : ഗണിതം

വിഭാഗം : HS

ലക്ഷ്യം : ഗണിത അഭിരുചി വളർത്തുക. നിത്യജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടി മുതലായ ഉദ്യമ ശില്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പിടിഎ |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അവതരണങ്ങൾ | ശില്പശാല നടത്തുന്നു. ക്ലാസ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ക്ലാസ് അംഗങ്ങൾ |

| | | | |
|---|---|---|---|
| ഉപ പരിചയ പ്പെടൽ | | | അധ്യാപകർ |
| 5. സംഘ ബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ |
| 6. അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ പ്രവർത്തനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ പഠനോപകരണം എന്നിവ. കൂട്ടായ പ്രവർത്തനം | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയസമിതികൾ വീതം മുതിർന്ന അധ്യാപകർ |
| 7. ഗണിതത്തിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം | Geogebra Software ഉപയോഗിച്ച് ഗണിത ആശയങ്ങൾ കൂടുതൽ വ്യക്തമാക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | അധ്യാപകർ |
| 8. ഗണിതം ചരിത്ര വഴികളിൽ | ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രവും കണ്ടുപിടിത്തങ്ങളും അറിയാനുള്ള അവസരം നൽകുന്നു. | ഒരു ടേമിൽ ഒന്ന് വീതം | ക്ലബ് അംഗങ്ങൾ |

| | | | |
|---|---|---|---|
| 9. ഗണിത ശാസ്ത്രവേദിയിലേക്ക് മേളകളിൽ ഉയർന്ന സ്ഥാനം കൈവരിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ ഉത്സവങ്ങൾക്ക് പ്രോത്സാഹനം | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി അധ്യാപകർ |
| 10. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് - ജൂൺ | അധ്യാപകർ പി.ടി.എ |
| 11. ഗണിത ക്ലബ് പ്രവർത്തനങ്ങൾ | എല്ലാ മാസത്തെയും ദിനാചരണങ്ങൾ ആചരിക്കുന്നതിന് club അംഗങ്ങളെ തിരഞ്ഞെടുക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ club അംഗങ്ങൾ |

# UP - ഗണിതം

വിഷയം : ഗണിത ശാസ്ത്രം

വിഭാഗം : UP

ലക്ഷ്യം : ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. ഗണിത അഭിരുചി വളർത്തുക

അവസ്ഥാ വിശകലനം : അടിസ്ഥാന ഗണിതശേഷികൾ കൈവരിച്ചിട്ടില്ലാത്ത കുട്ടികൾക്ക് എല്ലാവർക്കും അത് കൈവരിക്കേണ്ടതിനുള്ള പ്രത്യേക പരിശീലനം ആവശ്യമാണ്.

പ്രതീക്ഷിത നേട്ടങ്ങൾ : എല്ലാ കുട്ടികളും ഗണിതഭാഗങ്ങൾ കൃത്യതയോടെയും തെറ്റു കൂടാതെയും ചെയ്യുന്നതിനും ചെയ്യാനും കഴിയണം.

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതല | Teacher in charge |
|---|---|---|---|
| June | ചതുഷ്ക്രിയകൾ അനായാസം ചെയ്യാൻ കഴിവുള്ള കുട്ടികളെയും, ചെയ്യാൻ കഴിയാത്ത കുട്ടികളെയും കണ്ടെത്തുന്നു. അവരെ നിലവാരം അനുസരിച്ച് 3 ഗ്രൂപ്പായി തിരിക്കുന്നു. പ്രത്യേക പരിശീലനം നൽകുന്നു. | ഗണിത അധ്യാപകർ<br>ക്ലാസ് ലീഡർ | ഗണിത അധ്യാപകൻ |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | ചുമതല | കാലം |
|---|---|---|---|
| ഗണിത കളികൾ | ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിന് ഗണിത കളികൾ പരിചയപ്പെടുത്തുന്നു | ഗണിത അധ്യാപകർ<br>ക്ലബ് അംഗങ്ങൾ | മിക്കപ്പോഴും |
| | കുസൃതി കണക്കുകൾ പസിലുകൾ എന്നിവ നൽകുന്നു | ഗണിത അധ്യാപകർ | June - Dec. |
| പ്രകൃതിയിലെ ഗണിതം | വിവിധതരം ഗണിത പാറ്റേൺ നിർമ്മിക്കുകയും പ്രകൃതിയിലെ ഗണിത പാറ്റേണുകൾ സമാന്തര വരകൾ, കോണുകൾ, വൃത്തങ്ങൾ മുതലായവ പ്രകൃതിയിൽ നിന്ന് കണ്ടെത്തുന്നു. | ഗണിത അധ്യാപകർ | June - March |
| ക്വിസ് മത്സരം | ക്ലാസ് അടിസ്ഥാനത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു | ഗണിത ക്ലബ് അംഗങ്ങൾ<br>ഗണിത അധ്യാപകർ | June - March |
| ഗണിത ചരിത്രം | ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രവും കണ്ടുപിടുത്തങ്ങളും കൂടുതൽ അറിയാനുള്ള പരന്ന വായനക്കുള്ള അവസരം നൽകുന്നു | ഗണിത അധ്യാപകർ<br>School library teacher incharge | June - March |

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോടനുബന്ധിച്ച് കുട്ടികളുടെ സമഗ്രവികസന വികസനരേഖ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് സെന്റ് മേരീസ് ഹൈസ്കൂളിലെ മാനേജ്മെന്റും അധ്യാപകരും, രക്ഷിതാക്കളും കുട്ടികളും ഒരുമിച്ച് കൈകോർത്ത് മുന്നോട്ട് പോകുവാൻ തീരുമാനമെടുത്തു.